**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 922** **10-06-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ അദ്ധ്യാപകക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri V Sivankutty**<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷം മുതൽ ഓൺലൈൻ ക്ലാസുകൾ സ്കൂൾ തലത്തിൽക്കൂടി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സ്കൂൾതലത്തിൽ ഓൺലൈൻ ക്ലാസുകൾ ആരംഭിക്കുമ്പോൾ ക്ലാസ്സ് എടുക്കുന്നതിന് ആവശ്യമായ അദ്ധ്യാപകർ ഓരോ ക്ലാസിലുമുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; | (എ) | ഡിജിറ്റൽ വിദ്യാഭ്യാസവും ഓൺലൈൻ പഠനവും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കൈറ്റ് ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഒരേ സമയം കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നതോടൊപ്പം ഓൺലൈനായും പിന്നീട് കാണാൻ കഴിയുംവിധം ഓഫ്‌ലൈൻ മോഡിലും ക്ലാസുകൾ ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. അദ്ധ്യാപകരും കുട്ടികളുമായി നേരിട്ട് സംവദിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനായി ഈ വർഷം ഘട്ടംഘട്ടമായി ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് വരുകയാണ്. |
| (ബി) | സർക്കാർ പ്രൈമറി സ്കൂളുകളിൽ പ്രധാനാദ്ധ്യാപകർ ഇല്ലാത്ത എത്ര സ്കൂളുകൾ ഉണ്ടെന്ന് അറിയിക്കുമോ; കുട്ടികളുടെ പ്രൊമോഷൻ നടത്തുന്നതുൾപ്പെടെയുള്ള സ്കൂളുകളിലെ ദൈനംദിന പ്രവർത്തനങ്ങളെ ഇത് ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഈ അവസ്ഥ എത്രയും വേഗം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | പ്രൈമറി പ്രധാനാദ്ധ്യാപകർ ഇല്ലാത്ത 1596 സ്കൂളുകൾ നിലവിലുണ്ട്. എന്നാൽ ടി സ്കൂളുകളിലെ കുട്ടികളുടെ പ്രൊമോഷൻ ഉൾപ്പടെയുള്ള ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ പ്രൈമറി പ്രഥമാദ്ധ്യാപകരുടെ ചാർജ്ജ് സീനിയർ അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. |
| (സി) | പ്രധാനാദ്ധ്യാപക നിയമനം ഒരു വർഷമായി നടക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; കുട്ടികളുടെ വിദ്യാഭ്യാസ അവകാശം ഹനിക്കപ്പെടുന്നതിന് കാരണമാകുന്ന ഈ അവസ്ഥ അടിയന്തരപ്രാധാന്യം നൽകി പരിശോധിക്കുമോ; | (സി) | പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം സംബന്ധിച്ച് ബഹു. സുപ്രീംകോടതിയിൽ ഒന്നിലധികം കേസുകൾ നിലവിലുണ്ട്. പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം അനുവദിച്ചു നൽകാൻ സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവ് മരവിപ്പിച്ചുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ കഴിഞ്ഞിട്ടില്ല. സ്റ്റേ ഉത്തരവ് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | അദ്ധ്യാപകരുടെയും പ്രധാനാദ്ധ്യാപകരുടെയും | (ഡി) | ഇല്ല. |

| | | | |
|---|---|---|---|
| | കുറവുമൂലം സർക്കാർ പ്രൈമറി സ്കൂളുകളിൽനിന്ന് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഉണ്ടായിട്ടുണ്ടോ; | | |
| (ഇ) | കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി അദ്ധ്യാപകക്ഷാമം പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | അദ്ധ്യാപക ക്ഷാമം പരിഹരിക്കുന്നതിന് മറ്റ് അദ്ധ്യാപകർക്കും, സി.ആർ.സി. കോ-ഓർഡിനേറ്റർമാർക്കും ഡയറ്റ് അദ്ധ്യായന വിഭാഗത്തിനും ചുമതല നൽകികൊണ്ട് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ